# നീരയിൽ രാഷ്ട്രീയം, തർക്കം; വരവ് അനിശ്ചിതത്വത്തിൽ

## ● നീര വഴിയാധാരമാകുമെന്ന ആശങ്കയിൽ കേരകർഷകർ

**എ.എസ്. ഉല്ലാസ്**

കോട്ടയം● നീര ഉൽപാദിപ്പിക്കുന്ന കാര്യത്തിൽ നാളികേര വികസന ബോർഡും നാളികേര വികസന കോർപറേഷനും തമ്മിൽ തർക്കം, നീരയുടെ വരവ് അനിശ്ചിതത്വത്തിലായി. കൃഷിവകുപ്പും എക്സൈസ് വകുപ്പും നാളികേര വികസനബോർഡും ചേർന്നുള്ള ഈ തർക്കം മൂലം നീര വഴിയാധാരമാകുമെന്ന ആശങ്കയിലാണ് കേരകർഷകർ

നീര ഉൽപാദനത്തിന് സൊസൈറ്റികൾക്കും കമ്പനികൾക്കും ആയി സർക്കാർ 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക നാളികേരവികസന ബോർഡുവഴി കൊടുക്കില്ലെന്ന നിലപാടിലാണ് കൃഷിവകുപ്പ്.

പകരം നഷ്ടത്തിലായ നാളികേര വികസന കോർപറേഷനു നൽകാനും കോർപറേഷനെ പുനരുജ്ജീവിപ്പിച്ച് നീര വിപണിയിലെത്തിക്കാനുമാണ് കൃഷി വകുപ്പിന്റെ നീക്കം. എല്ലാസംവിധാനവും ഒരുക്കി നീര ഉൽപാദനഘട്ടത്തിലെത്തിച്ച നാളികേര വികസന ബോർഡിന് ഈ നീക്കം തിരിച്ചടിയായി.

നാളികേര വികസനബോർഡിന്റെ നിയന്ത്രണത്തിൽ 6100 നാളികേര ഉൽപാദകസംഘങ്ങളും അവയുടെ ഗ്രൂപ്പായ മുന്നൂറോളം ഫെഡറേഷനുകളും ഉണ്ട്. ഇവയുടെ നിയന്ത്രണത്തിലുള്ള 12 കമ്പനികളിൽ നിന്നു നീര ഉൽപാദിപ്പിക്കാനായിരുന്നു സർക്കാരിന്റെ തീരുമാനം.

1.35 കോടി തെങ്ങുകൾ കണ്ടെത്തി 173സംഘങ്ങൾക്ക്എക്സൈസ് ലൈസൻസും നൽകി. ഉൽപാദക കമ്പനികൾക്ക് ഒരു കോടി വീതം സബ്സിഡി നൽകാനായിരുന്നു 15 കോടി പ്രഖ്യാപിച്ചത്.

ഇതിനിടെ കൃഷിവകുപ്പ് സ്വന്തം നിലയിൽ മുന്നോട്ടുപോകാൻ തീരുമാനിച്ചു. നഷ്ടംമൂലം 1987ൽ ജീവനക്കാരെയെല്ലാം മറ്റിടങ്ങളിലേക്ക് വിന്യസിച്ച നാളികേര വികസന കോർപറേഷനെ പുനരുജ്ജീവിപ്പിച്ച് കളത്തിലിറക്കാനാണ് കൃഷിവകുപ്പിന്റെ നീക്കം. അതിന്റെ ഭാഗമായി സൊസൈറ്റി രൂപീകരണത്തിനും തെങ്ങുകണ്ടെത്താനുമായി ഓട്ടത്തിലാണ് കൃഷിവകുപ്പ്.

നീര ഉൽപാദനത്തിനുള്ള എക്സൈസ് ലൈസൻസ് ലഭിച്ചിട്ടുള്ളത് നാളികേര വികസന ബോർഡിന്റെ നിയന്ത്രണത്തിലുള്ള സംഘങ്ങൾക്കാണ്. 6100 സംഘങ്ങൾ ഉൽപാദനത്തിന് തയാറായി നിൽക്കുമ്പോൾ മറ്റൊരു ദിശയിൽ പോകുന്നത് തിരിച്ചടിയാകുമെന്നാണ് നാളികേര ബോർഡിന്റെ വാദം.